# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2170 20.06.2012-ൽ മറുപടിയ്ക്ക്

### എസ്. എ. റ്റി.യിലെ നവജാതശിശു മരണനിരക്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി. സത്യൻ<br>ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യ - കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി |
| (എ) ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ തിരുവനന്തപുരം എസ്. എ. റ്റി. യിലെ ഔട്ട് ബോൺ നഴ്സറിയിലേയും ഇൻബോൺ നഴ്സറിയിലേയും മരണനിരക്ക് ഉയർന്നതാണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ എസ്. എ. റ്റി. ആശുപത്രിയിലെ ഒ. ബി. എൻ. ലെയും ഐ.ബി.എൻ. ലെയും കുഞ്ഞുങ്ങളുടെ മരണനിരക്ക് കുറവാണ്. **NFHS (3) (National Family Health Survey 3)** പ്രകാരം ദേശീയ നവജാതശിശു മരണനിരക്ക് 39/1000, (3.9%) ആണ്. എസ്. എ. റ്റി. ആശുപത്രിയിൽ സങ്കീർണ്ണമായ ആരോഗ്യപ്രശ്നങ്ങളുള്ള അമ്മമാർ, വളർച്ചക്കുറവുള്ള കുഞ്ഞുങ്ങൾ, മറ്റാശുപത്രികളിൽ നിന്നും റഫർ ചെയ്തുവരുന്ന ഹൈ റിസ്ക് വിഭാഗത്തിലുള്ള അമ്മമാർ എന്നിവർ ഉൾപ്പെടുന്നു. ഇവിടെ നടന്ന 9516 പ്രസവങ്ങളിലെ മരണനിരക്ക് 2.9% ആണ്. ഇത് ദേശീയ ശരാശരിയേക്കാൾ കുറവാണ്. |
| (ബി) ഇതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ; | (ബി) | ശിശുമരണങ്ങൾക്കുള്ള പ്രധാനപ്പെട്ട കാരണങ്ങൾ നേരത്തെയുള്ള പ്രസവങ്ങൾ (premature birth), ജനിക്കുമ്പോഴുള്ള കുറഞ്ഞ തൂക്കം ( 1 kg താഴെ), ഹൃദയം, തലച്ചോറ്, വൃക്ക തുടങ്ങിയ അവയവങ്ങളുടെ ജന്മ വൈകല്യങ്ങൾ, ശ്വാസതടസ്സം, Birth Asphyxia മൂലം തലച്ചോറിൽ പ്രാണവായു ലഭിക്കാത്ത അവസ്ഥ എന്നിവയാണ്. |
| (സി) എന്തൊക്കെ പരിഹാര മാർഗ്ഗങ്ങളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ? | (സി) | നവജാത ശിശു വിഭാഗത്തിൽ ഇൻഫക്ഷൻ കൺട്രോൾ കൃത്യമായി പാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങൾ ലഭ്യമാക്കുന്നതിനും കൂടുതൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ